# ഖുർആനിലെ ഭൗതിക ദൃഷ്ടാന്തങ്ങൾ



“(പ്രവാചകസന്ദേശം) സ്വീകരിക്കാൻ വിസമ്മതിച്ച ജനം ചിന്തിക്കുന്നില്ലേ, എന്തെന്നാൽ ഈ ആകാശഭൂമികളൊക്കെയും പരസ്പരം ഒട്ടിച്ചേർന്നതായിരുന്നു. പിന്നീട് നാമവയെ വേർപെടുത്തി. ജലത്തിൽനിന്ന് സകല സജീവ വസ്തുക്കളെയും സൃഷ്ടിച്ചു.”

(ഖുർആൻ 21: 30)

## ഒട്ടിച്ചേർന്ന പ്രപഞ്ചം

പ്രപഞ്ചത്തിന്റെ ആദിരൂപം ധൂമവാതക പദാർഥങ്ങളായിരുന്നു എന്ന് ഖുർആൻ (41: 12) വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് ദൈവം അതിനെ വേർപ്പെടുത്തി ഭൂമിയും ഇതര ഗോളങ്ങളുമായി രൂപപ്പെടുത്തുകയാണുണ്ടായത്.

പ്രപഞ്ചം ആദിയിൽ ശിഥില വാതകപദാർഥങ്ങളായി അന്തരീക്ഷത്തിൽ വ്യാപിച്ചു കിടക്കുകയായിരുന്നു. ഇവയത്രെ നെബുലകൾ. അതിൽനിന്നാകുന്നു നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉണ്ടായത് എന്നാണ് ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തൽ. ഭൂമിയിലുള്ള നൂറിൽപരം മൂലധാതുക്കളിൽ പലതും സൂര്യനിലും ഇതര ഗോളങ്ങളിലും ഉള്ളതായി ഇന്ന് ശാസ്ത്രം കണ്ടെത്തിക്കഴിഞ്ഞു. അതിനർഥം ഒരേ മൂലത്തിൽനിന്നാണ് പ്രപഞ്ചം ഉദ്ഭവിച്ചതെന്നാണ്.

പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പ് ദൈവം തന്റെ സൃഷ്ടിവൈഭവമായി വെളിപ്പെടുത്തിയ പ്രപഞ്ചസൃഷ്ടിപ്പിന്റെ രഹസ്യം ലോകം അറിഞ്ഞത് നിരക്ഷരനായ ദൈവദൂതൻ മുഹമ്മദിലൂടെയാകുന്നു. പക്ഷേ, അതിന്റെ ശാസ്ത്രീത കണ്ടുപിടിക്കുവാനോ അതെപറ്റി ചിന്തിക്കുവാനോ അക്കാലക്കാർക്ക് സാധിച്ചിരിക്കില്ല. ഇന്ന് ആധുനിക കോസ്മോളൊജി വ്യക്തമായും സൂചിപ്പിക്കുന്നത് ഖുർആൻ ‘ദുഖാൻ’ എന്ന് വിശേഷിപ്പിച്ച ധൂമത്തിൽനിന്ന് അഥവാ നബുലയിൽനിന്നാണ് പ്രപഞ്ചം രൂപം കൊണ്ടതെന്നാണ്. ഈ ധൂമാവശി ഷ്ടങ്ങളിൽനിന്ന് ഇന്നും ഗ്രഹങ്ങൾ രൂപപ്പെടുന്നുവെന്ന് ചില ശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. കാരണം, ഈ ധൂമത്തിൽനിന്നാണല്ലോ ഇന്ന് കാണുന്ന ഭൂമിയും മറ്റു നക്ഷത്ര സമൂഹവും രൂപപ്പെട്ടത്.

പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ച് ഇന്ന് നിലവിലുള്ള സിദ്ധാന്തങ്ങളിൽ പ്രമുഖ വീക്ഷണം, ഉഗ്രമായ ഒരു ആദിസ്ഫോടനത്തിൽനിന്നാണ് മുഴുവൻ പ്രപഞ്ചത്തിന്റെയും തുടക്കമെന്നാണ്. ബിഗ്ബാംഗ് തിയറി എന്ന് അതറിയപ്പെടുന്നു. അനന്തമായ അള വിൽ സാന്ദ്രമായിരുന്ന ഒരവസ്ഥയിൽനിന്നാ ണ് പ്രപഞ്ചം ഉത്ഭവിച്ചത്. ഏകദേശം ഒരു ഹബ്ള് സമയം മുമ്പാണ് ഇത് നടന്നത്. സ്പെ യ്സും സമയവും പ്രപഞ്ചത്തിലെ മുഴുവൻ പദാർഥങ്ങളും ആ സംഭവത്തോടെയാണ് സൃഷ്ടിക്കപ്പെട്ടത്.

ശാസ്ത്ര നിഗമനമനുസരിച്ച് സങ്കോച-വികാസ സിദ്ധാന്തമാണ് ഈ പ്രപഞ്ച ഉദ്ഭവത്തിന് നിദാനം. ഏകദേശം 800 കോടി വർഷങ്ങൾക്കു മുമ്പ് സംഭവിച്ച ഒരു പൊട്ടിത്തെറിയാണ് അതിനാധാരം. അതിസാന്ദ്രമായ പിണ്ഡത്തിലെ തീവ്രമായ മർദം മൂലം ഉഷ്ണം ഉയർന്നു അത്യുന്നതിയിലെത്തുകയും അതെ തുടർന്ന് വാദകമണ്ഡലം പൊട്ടിത്തെറിക്കുകയും ചെയ്തു. പൊട്ടിത്തെറിച്ച ഭാഗങ്ങൾ പെട്ടെന്ന് തണുക്കുകയും ആ അന്തരീക്ഷത്തിൽ വിവിധ പദാർഥങ്ങൾ രൂപംകൊള്ളുകയുംചെയ്തു. ഈ പദാർഥങ്ങൾ പിന്നീട് ഓരോ ഗ്യാലക്സിയായി രൂപം കൊണ്ടു. തുടർന്നും അന്തരീക്ഷത്തിൽ വാദകങ്ങൾ ഘനീഭവിച്ചു നക്ഷത്രങ്ങളുണ്ടായി. അവക്ക് ചൂട് കൈവരികയും വിവിധ വാദകങ്ങളുടെ പ്രവർത്തനം മൂലം പ്രകാശം കൈവരികയും ചെയ്തു. അവശേഷിച്ച വാദകങ്ങളിൽനിന്ന് ഗ്രഹങ്ങളുണ്ടായി. ഇതത്രെ പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച് ഇന്ന് നിലവിലുള്ള ശക്തമായ വിലയിരുത്തൽ.

ഈ വിശകലനങ്ങളിൽ പലതും ഇനിയും മാറാമെങ്കിലും പ്രപഞ്ചത്തിന്റെ ആദിരൂപം ധൂമ-വാദകങ്ങളായിരുന്നു എന്ന ഖുർആനിക പരാമർശം അടിസ്ഥാനശാസ്ത്രമായി ഇന്നും നിലനിൽക്കുന്നു.

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com